കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആവിഷ്ക്കരിച്ച പുതുക്കിയ ഇൻസെന്റീവ് സ്കീം

8 (*548) ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. കെ. സി. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ആവിഷ്ക്കരിച്ച പുതുക്കിയ ഇൻസെന്റീവ് സ്കീമിന്റെ വിസദാംശം നൽകുമോ ;

(ബി) യൂണിറ്റടിസ്ഥാനത്തിൽ ഇൻസെന്റീവ് അനുവദിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) മെച്ചപ്പെട്ട ഇന്ധനക്ഷമത കൈവരിക്കുന്ന ഡ്രൈവർമാർക്ക് നൽകുന്ന പ്രത്യേക അലവൽസിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) അശ്രദ്ധമായി വാഹനം ഓടിക്കുന്ന ഡ്രൈവർമാരെ കണ്ടെത്തുന്നതിനും ശിക്ഷാനടപടി സ്വീകരിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ ;

(ഇ) കെ. എസ്. ആർ. ടി. സി.-ക്ക് ബസ്സുകളിലും മറ്റും പരസ്യം അനുവദിക്കുന്നതുമൂലം പ്രതിവർഷം ശരാശരി എന്തു തുക ലഭിക്കുന്നു ;

(എഫ്) പരസ്യ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : സർ,

(എ) കെ.എസ്.ആർ.ടി.സി.-യുടെ ചെലവ് നിയന്ത്രിക്കുന്നതോടൊപ്പം വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ചതാണ് നിലവിലുള്ള ഇൻസെന്റീവ് സ്കീം. പാസഞ്ചർ കപ്പാസിറ്റി, യാത്രാനിരക്ക്, ഓടുന്ന കിലോമീറ്റർ, ബസ്സിന്റെ വരുമാനം എന്നിവ ബന്ധപ്പെടുത്തിയാണ് നിലവിലുള്ള ഇൻസെന്റീവ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. അതനുസരിച്ച് കളക്ഷൻ ബാറ്റ സംവിധാനം നിർത്തൽ ചെയ്യുകയും പുതുക്കിയ ഇൻസെന്റീവ് ബാറ്റ അല്ലെങ്കിൽ കിലോമീറ്റർ അലവൻസ് ഇവയിൽ ഏതാണോ കൂടുതൽ ആ തുക നൽകുകയും ചെയ്തുവരുന്നു. ഷെഡ്യൂൾ പൂർണ്ണമായും ഓപ്പറേറ്റ് ചെയ്ത വർക്കും അപകടം, ബ്രേക്ക്ഡൗൺ എന്നിവ ഇല്ലാതെ സർവ്വീസ് നടത്തുന്ന വർക്കും മാത്രമേ ഇൻസെന്റീവിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ. എന്നാൽ ജീവനക്കാരുടെ കുഴപ്പം കൊണ്ടല്ലാതെ ഉണ്ടാകുന്ന ബ്രേക്ക്ഡൗണിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ശുപാർശയ്ക്ക് വിധേയമായി ഇൻസെന്റീവ് അനുവദിക്കുന്നതാണ്, കൂടാതെ ക്രൂവിന്റെ കുഴപ്പം കൊണ്ടല്ലാതെയുള്ള ട്രിപ്പ് റദ്ദാക്കൽ, അധികമായി ഓപ്പറേറ്റ് ചെയ്യുന്ന ട്രിപ്പുകൾ എന്നിവയ്ക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ശുപാർശപ്രകാരം ഇൻസെന്റീവ് അനുവദിക്കുന്നുണ്ട്. ഇതിനുപുറമേ ഒരു ബസ്സിന് ഒരു ദിവസം രണ്ട് ഡ്യൂട്ടിയോ അതിൽ കൂടുതലോ ആണെങ്കിൽ സിറ്റി ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി, സിറ്റി ഫാസ്റ്റ് എന്നീ സർവ്വീസുകളിൽ 1000-ത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ യാത്രക്കാരെ കയറ്റി ടിക്കറ്റ് നൽകുമ്പോൾ ഓരോ അധിക ടിക്കറ്റിനും കണ്ടക്ടർക്കും ഡ്രൈവർക്കുകൂടി 10 പൈസ തുല്യമായി അധിക ഇൻസെന്റീവ് നൽകുന്നതാണ്. മിനി ബസ്സുകൾക്ക് ഇത് 600 ടിക്കറ്റിൽ കൂടുതലാണെങ്കിൽ ഇൻസെന്റീവിന് അർഹതയുണ്ട്. സിംഗിൾ ഡ്യൂട്ടിക്ക് ഇത് യഥാക്രമം 500-ഉം 300-ഉം ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ പരീക്ഷണാർത്ഥം ആരംഭിച്ച ഇൻസെന്റീവ് സ്കീം ഫലപ്രദമായതിനെത്തുടർന്ന് എല്ലാ യൂണിറ്റിലും വ്യാപിപ്പിച്ചിട്ടുണ്ട്.

(ബി) നിലവിൽ എല്ലാ യൂണിറ്റുകളിലും ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കും ഇൻസെന്റീവ് സ്കീം അനുവദിക്കുന്നുണ്ട്. എന്നാൽ യൂണിറ്റിന്റെ മൊത്തം പെർഫോർമൻസ് നോക്കി ഒരു ഇൻസെന്റീവ് സ്കീം നടപ്പിലാക്കിയിട്ടില്ല.

(സി) ഒരു ലിറ്റർ ഡീസൽ ഉപയോഗിച്ച് 5 കിലോമീറ്റർ ബസ് ഓടിക്കണമെന്ന ലക്ഷ്യമാണ് കെ.എസ്.ആർ.ടി.സി. ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്നത്. ഒരു കലണ്ടർ മാസത്തിൽ ഇരുപത് ഡ്യൂട്ടിയെങ്കിലും ചെയ്യുകയും അപകടരഹിതമായി ബസ് ഓടിക്കുകയും KMPL ശരാശരി 5 ലഭിക്കുകയും ചെയ്യുന്ന ഡ്രൈവർമാർക്ക് പ്രോൽസാഹനമെന്ന നിലയിൽ 300 രൂപ പ്രതിമാസം പ്രത്യേക അലവൻസായി നൽകിവരുന്നുണ്ട്.

(ഡി) ഏർപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ അശ്രദ്ധമായി വാഹനം ഓടിക്കുന്ന ഡ്രൈവർമാരെ കണ്ടെത്തുന്നതിനും ഡിപ്പാർട്ടുമെന്റൽ നടപടികൾ സ്വീകരിക്കുന്നതിനും നടപടികൾ എടുത്തുവരുന്നു. നിലവിൽ ഡ്രൈവർ വിഭാഗത്തിൽ നിന്നും മെച്ചപ്പെട്ട ഡ്രൈവിംഗ് സ്വഭാവമുള്ള ഡ്രൈവർമാരെ തെരഞ്ഞെടുത്ത് നാമക്കലിലുള്ള ഡ്രൈവേഴ്സ് ട്രെയിനിംഗ് സെന്ററിലും പൂനയിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റോഡ് ട്രാൻസ്പോർട്ടിലും അയച്ച് പരിശീലനം നൽകി ഡ്രൈവർ ട്രെയിനർമാരായി നിയമിച്ചിട്ടുണ്ട്. ഇവർ സർവ്വീസ് നടത്തുന്ന വാഹനങ്ങളിൽ സഞ്ചരിച്ച് ഡ്രൈവർമാരുടെ ഡ്രൈവിംഗ് രീതികൾ നിരീക്ഷിക്കുകയും അപകടകരമായ നിലയിലും ഇന്ധനക്ഷമത കുറയ്ക്കുന്ന തരത്തിലും വാഹനം ഓടിക്കുന്ന മോശപ്പെട്ട ഡ്രൈവിംഗ് രീതികളുള്ളവരെ കണ്ടുപിടിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

(ഇ) ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പ്രദർശിപ്പിക്കുന്നതിനുള്ള അവകാശം രണ്ട് വർഷക്കാലയളവിലേക്കാണ് ടെണ്ടർ കം ഓക്ഷനിലൂടെ നൽകുന്നത്. ഏറ്റവും ഒടുവിൽ നൽകിയ കരാർപ്രകാരം ബസ്സുകളിലും മറ്റു പരസ്യം അനുവദിക്കുന്നതുമൂലം പ്രതിവർഷം ശരാശരി 2,95,33, 333 രൂപ ലഭിക്കുന്നു.

(എഫ്) കൂടുതൽ വരുമാനം ലഭിക്കുന്നതിനായി ബസ്സുകളിൽ പരസ്യം നൽകുന്നതിന് നിലവിലുള്ള കരാർ കാലാവധിയായ രണ്ട് (2) വർഷത്തിൽ നിന്നും നിലവിലുള്ള കരാർ തുകയുടെ 25% തുക വർദ്ധിപ്പിച്ചുകൊണ്ട് രണ്ട് (2) വർഷംകൂടി കരാർ കാലാവധി പുതുക്കി നൽകുവാൻ തീരുമാനിക്കുകയുണ്ടായി;

LIBRARY ARCHIVES Kerala Legislative Assembly

(2) പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം ബസ്സുകളിലും, ബസ് സ്റ്റേഷനുകളിലും നടപ്പിലാക്കുവാൻ തീരുമാനിച്ചു;

(3) ബസ്സിനുള്ളിൽ hanging hanger -ൽ പരസ്യം അനുവദിക്കുന്നത് പരിഗണനയിലാണ്.

ജലഗതാഗത വകുപ്പിന്റെ കീഴിൽ കാർഗോ സർവ്വീസുകൾ

9 (*549) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. മുരളി :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജലഗതാഗത വകുപ്പിന്റെ കീഴിൽ കാർഗോ സർവ്വീസ്സുകൾ നടത്തുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ പുതിയ കാർഗോബോട്ട് സർവ്വീസുകൾ നടത്താൻ പരിപാടിയിട്ടിട്ടുണ്ടോ ;

(സി) എങ്കിൽ എവിടെയൊക്കെ കാർഗോ ബോട്ട് സർവ്വീസുകൾ നടത്താനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ജലഗതാഗത വകുപ്പ് ഇപ്പോൾ ഏതൊക്കെ മേഖലകളിലാണ് വിനോദസഞ്ചാരാധിഷ്ഠിതമായ ബോട്ട് സർവ്വീസുകൾ നടത്തുന്നത് ;

(ഇ) നടപ്പ് വർഷം ഇത്തരത്തിൽ ഏതൊക്കെ പുതിയ ബോട്ട് സർവ്വീസുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(എഫ്) കാർഗോ സർവ്വീസ്, വിനോദ സഞ്ചാരാധിഷ്ഠിതമായ ബോട്ട് സർവ്വീസുകൾ എന്നിവയിലൂടെ പ്രതിവർഷം ജലഗതാഗതവകുപ്പിന് എത്ര കോടി രൂപയുടെ വരുമാനം നേടാനാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത് ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) ഇല്ല.

(ബി & സി) നിലവിൽ പാസഞ്ചർ സർവീസ്സുകൾ കുറ്റമറ്റ രീതിയിൽ നടത്തുന്നതിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യവികസനത്തിനുവേണ്ടിയാണ് പ്ലാൻ ഹെഡ്ഡിലെ തുക വിനിയോഗിച്ചുകൊണ്ടിരിക്കുന്നത്. നിലവിലുള്ള അടിസ്ഥാന സൗകര്യം കുറ്റമറ്റതാക്കുമ്പോൾ, ദേശീയ ജലപാതയുടെ പൂർത്തീകരണത്തോടുകൂടി കാർഗോ സർവ്വീസിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

(ഡി) കൊല്ലം-ആലപ്പുഴ മേഖലകളിൽ രണ്ട് ബോട്ടുകൾ വിനോദ സഞ്ചാരാധിഷ്ഠിത സർവ്വീസുകൾ നടത്തിവരുന്നു.

(ഇ) 'സീ കുട്ടനാട്' എന്ന പേരിൽ ഡബിൾ ഡെക്കർ ബോട്ട് ഉപയോഗിച്ച് ആലപ്പുഴയിൽ നിന്നും ഒരു സർവ്വീസ് ഈ വർഷം തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly